II ഇ.ബി.XIV-കേരള നിയമസഭ/VII-7

# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 ആഗസ്റ്റ് 17, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

18 (*211) ജലലഭ്യത കുറഞ്ഞുവരുന്ന സാഹചര്യം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്) നൽകിയ മറുപടിയിൽ, കേരളത്തിലെ ജലലഭ്യതയിൽ പ്രധാനമായും ആശ്രയിക്കുന്ന മഴയുടെ വാർഷിക ശരാശരി 3000 മി. മീറ്ററായാണ് കണക്കാക്കുന്നതെങ്കിലും കഴിഞ്ഞ രണ്ട് വർഷമായി ലഭ്യമായ മഴയുടെ തോതിൽ ഗണ്യമായ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ഈ വർഷവും മഴയുടെ തോതിൽ 27 ശതമാനത്തിന്റെ കുറവും ഡാമുകളിലെ ജലനിരപ്പ് കഴിഞ്ഞ വർഷത്തേതിനേക്കാൾ 5 മുതൽ 10 മീറ്റർ വരെ കുറവുമാണെന്ന് സഭയെ അറിയിച്ചു. തുടർച്ചയായുള്ള മഴയുടെ കുറവിനെ സംബന്ധിച്ച ഐ.എം.ഡി.

റിപ്പോർട്ടുകളിലെ കണക്കുകളെക്കുറിച്ച് കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന സി.ഡബ്ല്യൂ.ആർ.ഡി.എം.-മായും എല്ലാ ജില്ലകളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കിവരികയാണ്. സ്ഥലകാല വ്യതിയാനം ജലലഭ്യതയെ കാര്യമായി ബാധിക്കുന്നതിനാൽ ജലവിഭവ വിനിയോഗവും സംരക്ഷണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കപ്പെടേണ്ടതുണ്ട്. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലവിഭവ മിഷന്റെ പ്രാരംഭ പ്രവർത്തനങ്ങളായി കുളങ്ങൾ, തോടുകൾ എന്നിവ പുനരുദ്ധരിച്ച് ജലവിഭവ സംരക്ഷണം കാര്യക്ഷമമാക്കുന്നതോടൊപ്പം ഭൂജലപോഷണ പ്രവർത്തനങ്ങൾ, ജലദുരുപയോഗം കുറയ്ക്കുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾ, ജല പുനരുപയോഗം വർദ്ധിപ്പിക്കൽ, ജലമലിനീകരണം ഇല്ലാതാക്കൽ, നദികളിൽ നിന്നും ജലം എടുക്കുന്നതിനുള്ള നിയന്ത്രണം എന്നിവ ഫലപ്രദമായി നടപ്പാക്കുന്നതിലൂടെ ജലദൗർലഭ്യം ഒരു പരിധിവരെ തടയാവുന്നതാണ്. കാലാവസ്ഥാ വ്യതിയാനം, മൺസൂൺ മഴയുടെ കുറവ് എന്നിവ കണക്കിലെടുത്ത് ജലസംരക്ഷണത്തിന് ഊന്നൽ നൽകി ലോകബാങ്ക് സഹായത്തോടെ ഹരിത

കേരളം മിഷൻ നടപ്പാക്കുന്ന ജലനിധി പദ്ധതി ഉൾപ്പെടെയുള്ള പരിപാടികളും സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസംരക്ഷണം, കനാലുകളിൽ നിന്നുള്ള ജലനഷ്ടം കുറയ്ക്കൽ എന്നിവയും നടപ്പാക്കുന്നതോടൊപ്പം മറ്റ് വകുപ്പുകൾ/ഏജൻസികൾ മുഖേന കിണർ റീ-ചാർജ്ജിംഗ്, മഴക്കുഴികൾ വഴിയുള്ള ജലസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളും നടന്നുവരുന്നു. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 3031 പൊതു കിണറുകൾ നിർമ്മിക്കുകയും 15022 പൊതു കിണറുകൾ മഴവെള്ള റീചാർജ്ജിംഗിന് ഉതകുംവണ്ണം വൃത്തിയാക്കുകയും 3855 പുതിയ കുളങ്ങൾ നിർമ്മിക്കുകയും 13247 കുളങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുതിനുപുറമെ ഹരിതകേരളം മിഷനിലൂടെ 2467 കി.മീ. തോടുകൾ, 1481 കി.മീ. കനാലുകൾ എന്നിവ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി നീർത്തട മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ ജലസംരക്ഷണം കാര്യക്ഷമമാക്കുന്നതിനുള്ള ഗൈഡ്‌ലൈൻ തയ്യാറാക്കിയതിനുപുറമെ ഉപരിതലജലം സംരക്ഷിക്കുക എന്ന നയത്തിന്റെ ഭാഗമായി നദികളിൽ റെഗുലേറ്ററുകളും തടയണകളും നിർമ്മിച്ചുവരുന്നുണ്ട്. കാലവർഷത്തിൽ ലഭിക്കുന്ന മഴ പരമാവധി സംഭരിക്കുകയും മണ്ണിൽ താഴാൻ അനുവദിക്കുകയും ചെയ്യുന്ന 'നീരുറവ്' പദ്ധതിയുടെ ഭാഗമായി ലോക ജലദിനമായ മാർച്ച് 22-ന് സംസ്ഥാന വ്യാപകമായി മഴക്കുഴികൾ നിർമ്മിക്കുകയും

പാഴായിപ്പോകുന്ന മഴവെള്ളം ശാസ്ത്രീയമായി സംഭരിച്ച് കുടിവെള്ളത്തിനും മറ്റു ഗാർഹികാവശ്യങ്ങൾക്കും ഉപയോഗപ്പെടുത്തുന്നതിന് കെ.ആർ.ഡബ്ല്യു. എസ്.എ.-യുടെ ഭാഗമായി 'മഴവെള്ള സംഭരണം-ഭൂജല പരിപോഷണം' പദ്ധതി നടപ്പാക്കി വരികയും ചെയ്യുന്നുണ്ട്. വരൾച്ചയെ മുന്നിൽക്കണ്ട് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പണം ലഭ്യമാക്കി പ്രവൃത്തികൾ ഏറ്റെടുക്കുകയും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ബാവിക്കര റെഗുലേറ്ററിന്റെ മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കനാലുകളിലൂടെ ഒഴുകുന്ന വെള്ളം പാഴാകാതിരിക്കാൻ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പൈപ്പുലൈനിന്റെ അറ്റകുറ്റപ്പണി ചെയ്യുന്ന കാര്യം പരിശോധിച്ചുവരുന്നതോടൊപ്പം നിലവാരം കുറഞ്ഞ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചെറുകിട ജലസേചന പദ്ധതികൾ മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിലാണ് നടന്നുവരുന്നത്. ഗ്രാമപഞ്ചായത്തുകളിലെ ജലനിധി പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേകമായി ശ്രമിക്കുന്നതാണെന്നും ജില്ലാ കളക്ടർമാരുടെ അനുമതിയില്ലാതെ സ്വകാര്യമായി ടാങ്കറുകളിൽ ജലവിതരണം ചെയ്യുന്നതുസംബന്ധിച്ച് റവന്യൂ വകുപ്പുമായി ചേർന്ന് പരിശോധന നടത്തുന്നതാണെന്നും അരുവിക്കര ഡാം ഡീസിൽറ്റേഷനുള്ള നടപടിക്രമങ്ങളുടെ

എസ്.ഒ.പി. തയ്യാറാക്കി പരിശോധിച്ചുവരികയാണെന്നും വൈകാതെ പ്രവൃത്തി പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണെന്നും അന്തർസംസ്ഥാന നദീജല കരാറുകൾ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ നടത്തുകയും പറമ്പിക്കുളം- ആളിയാർ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തുകയും അട്ടപ്പാടിവാലി ഇറിഗേഷൻ പ്രോജക്ടിന് പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയും ചെയ്യുന്നുണ്ടെന്നും ഗ്രീൻ ക്ലൈമറ്റ് ഫണ്ടിനെ സംബന്ധിച്ച പ്രോജക്ട് പരിസ്ഥിതി വകുപ്പ് പരിശോധിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

19 (*212) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനം

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി ഹാംലറ്റ് വികസന പദ്ധതി, അഡീഷണൽ ട്രൈബൽ സബ് പ്ലാൻ പദ്ധതിയിലൂടെയുള്ള സമഗ്ര കോളനി വികസന പദ്ധതി (എ.റ്റി.എസ്.പി), 2017-18 മുതൽ ടി പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടുള്ള അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നുണ്ടെന്നും ഹാംലറ്റ് വികസന പദ്ധതിക്കായി 2015-16 വരെ തെരഞ്ഞെടുത്ത

സങ്കേതങ്ങളിൽ 21 എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയും ശേഷിക്കുന്നവ അടിയന്തരമായി പൂർത്തിയാക്കുകയും ചെയ്യുന്നതാണെന്നും 2016-17 വർഷത്തിൽ തെരഞ്ഞെടുത്ത 10 സങ്കേതങ്ങൾക്ക് 7.10 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും അതിന്റെ പ്രവൃത്തി പുരോഗമിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. എ.റ്റി.എസ്.പി. പദ്ധതി പ്രകാരം തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ ശേഷിക്കുന്ന 162 കോളനികളിലെ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതാണെന്നും അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം 50 സെറ്റിൽമെന്റുകൾക്കായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമുള്ള സൗകര്യങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. 2016-17 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി. ഫണ്ടിൽനിന്ന് നിലമ്പൂർ മുനിസിപ്പാലിറ്റിക്കും, പോത്തുകൽ ഗ്രാമപഞ്ചായത്തിലും 12 സങ്കേതങ്ങളുടെ വികസനത്തിനായി 13.21 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൂമി ഇല്ലാത്തവരെയും ഭൂമിയുണ്ടായിട്ടും വീടില്ലാത്തവരെയും ഭൂമിയും വീടുമില്ലാത്തവരെയും 'ലൈഫ്' പദ്ധതിയിൽ ഉൾപ്പെടുത്തി ടി പദ്ധതികളുമായി ക്ലബ് ചെയ്യാനാണുദ്ദേശിക്കുന്നത്. എസ്.സി. വിഭാഗത്തിലെ 23,741 പേരുടേയും എസ്.ടി. വിഭാഗത്തിലെ 10,643 പേരുടേയും വീടുകൾ പൂർത്തീകരിച്ചതിനുപുറമെ

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെയും ആദിവാസി മേഖലയിലെയും വീട് റിപ്പയറിംഗിനുള്ള തുക ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും വാസയോഗ്യമല്ലാത്ത വീടുകൾ പൊളിച്ചുമാറ്റി പുതിയ വീടുകൾ വയ്ക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ആശിക്കുംഭൂമി പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതിന്റെ ഭാഗമായി ഈ സർക്കാർ 242 പേർക്ക് ഭൂമി നൽകുകയും കേന്ദ്രത്തിൽ നിന്നും വിട്ടുകിട്ടിയ വനഭൂമി അർഹരായവർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ആദിവസികൾക്ക് പട്ടയം ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആറളം ആദിവാസി മേഖലയുടെ പ്രശ്നങ്ങളിൽ അടിയന്തര പരിഹാരമുണ്ടാക്കാൻ നിരവധി യോഗങ്ങൾ കൂടുകയും അവരെ സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി ഫാം കോർപ്പറേഷന് രൂപം നൽകുകയും ചെയ്തതിനുപുറമെ വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിന് വനം വകുപ്പുമായി ചർച്ച നടത്തി പരമാവധി ഇടപെടലുകൾ നടത്തുന്നതുമാണ്. സ്വാശ്രയ മെഡിക്കൽ കോളേജിലെ അഡ്മിഷനുമായി ബന്ധപ്പെട്ട് മെറിറ്റിൽ/റിസർവേഷനിൽ പ്രവേശനം ലഭിക്കുന്ന എല്ലാ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും നിശ്ചയിക്കുന്ന ഫീസ് പൂർണ്ണമായും സർക്കാർ നൽകുന്നതാണെന്നും ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട് ആദിവാസി മേഖലകളിൽ മികച്ച പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും ആദിവാസികളുടെ

ക്ഷേമപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ഓരോ ഡിവിഷനുകളിലും ഐ.എ.എസ്./ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്ക് ചുമതല നൽകുന്നതു സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും ആദിവാസി മേഖലകളിൽ പെസ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. ഓണത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിൽ നിന്നും 3 കോടി 98 ലക്ഷം രൂപ ചെലവാക്കി 51475 ആദിവാസി കുടുംബങ്ങൾക്ക് ഓണപ്പുടവയും 13 കോടി 19 ലക്ഷം രൂപ ചെലവഴിച്ച് 1,57,471 പേർക്ക് ഓണക്കിറ്റും നൽകുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ ഞാറനീലി കോളനിയിലെ മരണങ്ങളുമായി ബന്ധപ്പെട്ട് സ്ഥലം സന്ദർശിച്ചതിനുശേഷം സമഗ്രമായ പദ്ധതിക്ക് രൂപം നൽകുകയും കേരളത്തിലെ പ്രാക്തന ആദിവാസി കോളനികളിലുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് എല്ലാ ആഴ്ചയിലും റിവ്യൂ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള മുൻകരുതൽ സ്വീകരിക്കുകയും ചെയ്യുന്നതാണെന്നും കടപ്പാറ കോളനിയിൽ താമസിക്കുന്ന ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് ശക്തമായ നിലപാടാണ് ജില്ലാകളക്ടർ സ്വീകരിച്ചിട്ടുള്ളതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

20 (*213) <u>തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിംഗ്</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ) നൽകിയ

മറുപടിയിൽ, തൊഴിൽ വകുപ്പിലെ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും 14 ജില്ലാ ലേബർ ഓഫീസർമാരും എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ടെന്നും നാളിതുവരെ 31822 സ്ഥാപന പരിശോധനകൾ നടത്തുകയും 3757 പ്രോസിക്യൂഷനും 365 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും പ്ലാന്റേഷൻ മേഖലയിൽ തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്നതിന് ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കീഴിൽ 11 പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പ്രവർത്തിച്ചുവരുന്നുണ്ടെന്നും ടെക്സ്റ്റൈൽസ്, കൺസ്ട്രക്ഷൻ സൈറ്റുകൾ, ആശുപത്രികൾ, സെക്യൂരിറ്റി ഏജൻസികൾ എന്നീ മേഖലകളിൽ എൻഫോഴ്സ്മെന്റ് വിഭാഗം സ്പെഷ്യൽ പരിശോധന നടത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുകയും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ ഓൺലൈൻ ആയി പരിശോധന നടത്തുകയും തൊഴിൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കേരളാ ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന

വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും പരിഹരിക്കാവുന്നതാണെന്നും ഗാർഹിക തൊഴിൽ, സെക്യൂരിറ്റി മേഖലകളിൽ മിനിമം വേതനം ലഭ്യമാകുന്നുവെന്ന് സ്ഥാപന പരിശോധനകളിൽ ഉറപ്പുവരുത്താറുണ്ടെന്നും മന്ത്രി അറിയിച്ചു. 'ആവാസ്' പദ്ധതി പ്രകാരം ഇതര സംസ്ഥാന തൊഴിലാളികളുടെ പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും അപ്രകാരം രജിസ്റ്റർ ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും 15,000/- രൂപവരെ ചികിത്സാ സഹായവും തൊഴിലാളി മരണപ്പെടാനിടയായാൽ ഇൻഷ്വറൻസ് സ്കീമിൽപ്പെടുത്തി അവരുടെ കുടുംബത്തിന് 2 ലക്ഷം രൂപവരെ സഹായവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും സെപ്റ്റംബർ മാസത്തിൽ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് ജനപ്രതിനിധികളുടെയും ട്രേഡ് യൂണിയൻ സംഘടനകളുടെയും സഹകരണം ആവശ്യമാണെന്നും മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ അന്തിമ തീരുമാനമുണ്ടായാൽ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേതനം നടപ്പിലാക്കാൻ സാധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2303 മുതൽ 2569 വരെയുള്ള ചോദ്യങ്ങളിൽ 229 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ

രേഖാമൂലം ഉത്തരം നൽകി.)